കാര്യങ്ങൾക്കാവശ്യമായിവരുന്ന അധികതുക അനുവദിക്കുന്ന കാര്യത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതാണ്.

(11) ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലെ മുടപ്പത്തൂർ പാലത്തിന്റെയും പിണറായി പഞ്ചായത്തിലെ മേലൂർകടവ് പാലത്തിന്റെയും പണി

ശ്രീ. പി. ജയരാജൻ: സർ, ചിറ്റാരിപ്പറമ്പ് പഞ്ചായത്തിനെയും മാലൂർ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന കൂത്തുപറമ്പ് മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട മുടപ്പത്തൂർ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി ജനങ്ങൾ വളരെയധികം മുറവിളി കൂട്ടിയിരുന്നു. അതേത്തുടർന്ന് 2000-ലെ ബഡ്ജറ്റിൽതന്നെ പണം വകയിരുത്തിയിട്ടുള്ള ഒന്നാണ് മുടപ്പത്തൂർ പാലത്തിന്റെ പ്രൊപ്പോസൽ. അന്ന് 150 ലക്ഷം രൂപയായിരുന്നു അതിന്റെ എസ്റ്റിമേറ്റ് കണക്കാക്കിയിരുന്നത്. പക്ഷേ, പിന്നീട് അത് റിവൈസ് ചെയ്ത് 205 ലക്ഷം രൂപയാക്കി. അതിന്റെ ഡിസൈൻ ഒക്കെത്തന്നെ ഫൈനലൈസ് ചെയ്തിട്ടുണ്ട്. പിണറായി, മാലൂർ, ധർമ്മടം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മേലൂർക്കടവ് പാലത്തിന്റെ അവസ്ഥയും ഇതുതന്നെയാണ്. 2000-ലെ ബഡ്ജറ്റിൽ പണം വകയിരുത്തിയതാണ്. അന്ന് 95 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റ് കണക്കാക്കിയിരുന്നത്. പിന്നീട് അതിന്റെ detailed estimate ഇപ്പോൾ സമർപ്പിച്ചത് 267 ലക്ഷം രൂപയുടേതാണ്. ഇതുരണ്ടും നബാർഡ് വായ്പയുടെ സഹായത്തോടുകൂടി നിർമ്മാണം നടത്തണമെന്നാണ് ഉദ്ദേശിച്ചിരുന്നത്. പക്ഷേ, നബാർഡ് വായ്പയ്ക്കുവേണ്ടി ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ധനവകുപ്പ് അതിന് തടസ്സം നിൽക്കുന്നതായിട്ടാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. വളരെ വർഷങ്ങളായി കൂത്തുപറമ്പ് മണ്ഡലത്തിലെ നാല് പഞ്ചായത്തുകളിലെ ജനങ്ങളുടെ നിരന്തരമായിട്ടുള്ള ആവശ്യമായിരുന്നു, നിരവധി പ്രക്ഷോഭങ്ങൾ നടന്നതാണ്. മുടവത്തൂർ, മേലൂർക്കടവ് പാലങ്ങൾ നബാർഡ് സഹായത്തോടുകൂടി നിർമ്മിക്കുന്നതിന് ധനവകുപ്പ് തടസ്സം നിൽക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. ആ തടസ്സം നീക്കിയാൽ മാത്രമേ വായ്പ കിട്ടുകയുള്ളൂ. അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്താവുന്നതേയുള്ളൂ. ഇപ്പോൾ ആ പ്രദേശത്തുള്ള approach road-ന്റെ ഭാഗമായിട്ടുള്ള സ്ഥലം, ഉടമകൾ ഫ്രീയായിതന്നെ നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. Consent letter തന്നെ കൊടുത്തിട്ടുണ്ട്. അപ്പോൾ അടിയന്തിരമായി ആ രണ്ടു പാലങ്ങളുടെയും നിർമ്മാണം നബാർഡ് സഹായത്തോടുകൂടി ചെയ്യുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മരാമത്തു വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*: സർ, കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലെ മുടപ്പത്തൂർ പാലത്തിന് 205 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ സാമ്പത്തികസഹായം ലഭിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പിണറായി പഞ്ചായത്തിലെ മേലൂർക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 244 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി നബാർഡിന്റെ സാമ്പത്തികസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചു കഴിഞ്ഞു. ഇവിടെ പറഞ്ഞത് ധനകാര്യ വകുപ്പ് ഈ നബാർഡ് സഹായത്തിന് എതിരുനിൽക്കുന്നു എന്നാണ്. പക്ഷേ, അങ്ങനെയല്ല, 350 കോടി രൂപയുടെ നബാർഡ് സഹായം ആവശ്യപ്പെടാൻ ധനകാര്യവകുപ്പ് അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ആ സാഹചര്യത്തിൽ ഇനി ബോംബെയിൽ നബാർഡ് പ്രോസ്സസ് ചെയ്തുകഴിഞ്ഞാൽ നമുക്ക് ഈ രണ്ട് പാലവും ഉടൻതന്നെ ലഭ്യമാകുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കാം.

(12) പട്ടാമ്പിയിലെ വിളയൂർ-കൈപ്പുറം റോഡിന്റെ പണി

ശ്രീ. സി. പി. മുഹമ്മദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വിളയൂർ-കൈപ്പുറം റോഡിന്റെ പണി ടെണ്ടർ ചെയ്ത് വർഷങ്ങളായിട്ടും പണിപൂർത്തിയാക്കാതെ ജനങ്ങൾ ദുരിതത്തിലായിരിക്കുകയാണ്. ജനപ്രതിനിധികളെല്ലാവരും നിരന്തരം ആവശ്യപ്പെട്ടിട്ടും ഡിപ്പാർട്ടുമെന്റ് നോട്ടീസ് അയച്ചിട്ടും ഈ കരാറുകാരൻ പണി പൂർത്തിയാക്കുന്നില്ല. എന്റെ അറിവുപ്രകാരം വളരെയധികം വർക്കുകൾ ഇങ്ങനെ ഏറ്റെടുത്ത് പണിപൂർത്തിയാക്കാത്ത ഒരു കരാറുകാരനാണിയാൾ. ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്ത് ഈ റോഡിനടുത്തുള്ള പുലാമന്തോൾ പാലം മൂന്നുകോടി രൂപ ചെലവിൽ യുദ്ധകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തുതന്നെ ഏറ്റവുംപെട്ടെന്ന് പണിപൂർത്തിയാക്കി. ഇങ്ങനെ ഒരു പാലംപണി കഴിഞ്ഞ സ്ഥലത്ത് ബഹുമാനപ്പെട്ട മന്ത്രി താൽപ്പര്യമെടുത്ത് ഇത്രയുംതുക ഈ റോഡിനുവേണ്ടി അനുവദിച്ചിട്ടും വർഷങ്ങളായി ജനങ്ങളെ ദുരിതത്തിലാക്കുന്ന അവസ്ഥയ്ക്ക് അവസാനം കാണണം. ഒന്നുകിൽ ഈ കരാറുകാരനെ ടെർമിനേറ്റുചെയ്യണം. പെട്ടെന്ന് ടെർമിനേറ്റു ചെയ്യണമോ വേണ്ടയോ എന്നുള്ളത് ഡിപ്പാർട്ടുമെന്റ് തീരുമാനിക്കട്ടെ. ഈ പണി പെട്ടെന്ന് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്തുവകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*: സർ, വിളയൂർ-കൈപ്പുറം റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ പണികൾക്കുവേണ്ടി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ ഉത്തരവ് സാധാരണ നമ്പർ 509/2002 തീയതി 14-6-2002 പ്രകാരം ഭരണാനുമതി നൽകിയിരുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിന്റെ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 16-1-2003-ൽ 67 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ച് കരാർ ഉറപ്പിച്ച ടി. കെ. അലിക്കുട്ടി എന്ന കരാറുകാരന് 31 ശതമാനം താഴ്ത്തി നൽകിയിരുന്നു. പണിക്കാവശ്യമായ സ്ഥലം 11-8-2003-ൽ കൈമാറുകയും കരാർ പ്രകാരം ഒരു വർഷത്തിനുള്ളിൽ പണി പൂർത്തീകരിക്കേണ്ടതുമായിരുന്നു.